# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാചോദ്യം നം. 100**

**02.03.2017-ന് മറുപടിയ്ക്ക്**

## സ്കൂളുകൾ വാടകയ്ക്ക് നൽകുന്ന നടപടി

**ചോദ്യം**

ശ്രീ.സി.കെ. ഹരീന്ദ്രൻ
,, റ്റി.വി.രാജേഷ്
,, കെ. ബാബു
,, കെ.കുഞ്ഞിരാമൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്കൂളുകൾ, സ്കൂൾ ഗ്രൗണ്ട്, ഓഡിറ്റോറിയം എന്നിവ ഏതൊക്കെ തരത്തിലുള്ള പരിപാടികൾക്ക് വാടകയ്ക്കോ അല്ലാതെയോ നൽകാനാണ് ചട്ടങ്ങൾ അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(എ) കേരള വിദ്യാഭ്യാസ ചട്ടം 15 അദ്ധ്യായം IV പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/സ്വകാര്യ സ്കൂളുകളുടെ ഗ്രൗണ്ട്, ഓഡിറ്റോറിയം എന്നിവ പ്രസ്തുത സ്കൂളുകളുടെ പരിപാടികൾ അവതരിപ്പിക്കുവാനോ, മാനേജ്മെന്റ്/കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ നടത്തുന്നതിനോ മറ്റാവശ്യങ്ങൾക്കോ സോപാധികം അനുവാദം നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഗവൺമെന്റ് സ്കൂളുകളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളിൽ മാനേജർമാർക്കും അധികാരമുണ്ട്.

കേരള വിദ്യാഭ്യാസ ചട്ടം 16 അദ്ധ്യായം IV പ്രകാരം സ്വകാര്യ വ്യക്തികൾക്ക് യോഗങ്ങൾ കൂടുവാനോ മറ്റാവശ്യങ്ങൾക്കോ ഗവൺമെന്റ് സ്കൂൾ സോപാധികം വിട്ടുനൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 05.04.84-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 68/84/പൊ.വി.വ. പ്രകാരം സാമൂഹിക അസമത്വം സൃഷ്ടിക്കുന്നതോ

| | | | |
|---|---|---|---|
| | | | മതവിദ്വേഷം സൃഷ്ടിക്കുന്നതോ സാമൂഹിക ക്രമസമാധാനത്തെ തകർക്കുന്നതോ ആയ പ്രവണതകളുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് സ്കൂൾ വസ്തുവകകൾ വിട്ടുകൊടുക്കുവാൻ പാടില്ല. |
| (ബി) | ആർ.എസ്.എസ് ആയുധപരിശീലനത്തിനായി വിവിധ വിദ്യാലയങ്ങളുടെ വളപ്പ് ഉപയോഗപ്പെടുത്തുന്നതായി വന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിരുന്നോ; വിശദാംശം അറിയിക്കുമോ; | (ബി) & (സി) | ആർ.എസ്.എസിന്റെ 'പ്രാഥമിക് ശിക്ഷാവർഗ്' എന്ന പേരിലുള്ള ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സ്കൂൾ വളപ്പിൽ നടന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു. |
| (സി) | ഇത്തരം പ്രവർത്തികൾ നടത്തുന്നതിന്അനുമതി നൽകിയ സ്കൂൾ മാനേജ്മെന്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ